# മഹാനായ മനുഷ്യൻ

ലാമാർട്ടിൻ

**സൃഷ്ടിക്കും** സൃഷ്ടികർത്താവിനുമിടയിൽ മാർഗതടസ്സമായിനിന്ന അന്ധവിശ്വാസങ്ങളെ ധ്വംസിക്കുക, മനുഷ്യന് ദൈവത്തെ പരിചയപ്പെടുത്തുകയും ദൈവത്തിന് മനുഷ്യരെ അർപ്പിക്കുകയും ചെയ്യുക, യുക്തിസഹവും പവിത്രവുമായ ദൈവികാശയത്തെ നിലവിലിരുന്ന പ്രാകൃത നിയമങ്ങളുടെ പ്രക്ഷുബ്ധതയുടെയും ബിംബാരാധനയുടേതായ വൈകൃത ദൈവങ്ങളുടെയും മധ്യത്തിൽ പുനഃപ്രതിഷ്ഠിക്കുക– മുഹമ്മദിനെപ്പോലെ ചരിത്രത്തിൽ മറ്റൊരു മനുഷ്യനും ഇതിലേറെ ഉദാത്തമായൊരു ലക്ഷ്യം ഉന്നംവെച്ചിട്ടില്ല. മനുഷ്യാതീതമായിരുന്നു ആ ലക്ഷ്യം. അതിനിസ്സാരമായ വസ്തുക്കൾ കൈമുതലാക്കിക്കൊണ്ട് മനുഷ്യകഴിവുകൾക്കതീതമായ ഒരു യത്നം ആരും സമാരംഭിക്കുകയില്ല. എന്നാൽ മുഹമ്മദിന്റെ വിശ്വാസത്തിലും പ്രവർത്തനത്തിലും അത്തരം മഹത്തരമായ ഒരു ലക്ഷ്യമാണുണ്ടായിരുന്നത്; തനിക്കുപരി മറ്റൊരു ആയുധമോ, മരുഭൂമിയുടെ ഒരു മൂലയിൽ വസിച്ചിരുന്ന ഏതാനും അംഗുലീപരിമിതരായ വ്യക്തികളോ അല്ലാതെ മറ്റു സഹായമൊന്നും മുഹമ്മദിനുണ്ടായിരുന്നില്ല. അന്തിമമായി അതുപോലെ ലോകത്ത് മഹത്തരവും സ്ഥിരപ്രതിഷ്ഠവുമായ ഒരു വിപ്ലവം മറ്റൊരു വ്യക്തിയും സൃഷ്ടിച്ചിട്ടില്ല. കാരണം, ഇസ്‌ലാം സമാഗതമായ ശേഷം രണ്ടു ശതാബ്ദങ്ങളിലും കുറഞ്ഞ കാലം കൊണ്ട് വിശ്വാസത്തിലും ശക്തിയിലും അറേബ്യയിൽ അഖിലം അതിന്റെ ആധിപത്യമുറപ്പിക്കുകയും പേർഷ്യ, ഖുറാസാൻ, ട്രാൻസോക്സാനിയ, പശ്ചിമേന്ത്യ, സിറിയ, ഈജിപ്ത്, അബ്സീനിയ, ഉത്തരാഫ്രിക്കയുടെ അറിയപ്പെട്ട ഭാഗങ്ങൾ, മധ്യധരണ്യാഴിയിലെ അസംഖ്യം ദ്വീപുകൾ, സ്പെയിൻ, ഗോളിന്റെ ഒരു ഭാഗം (ഫ്രാൻസും ബെൽജിയവും ഹോളണ്ട്, ജർമനി, സ്വിറ്റ്സർലാന്റ് എന്നിവയുടെ ഭാഗങ്ങളും ഉൾപ്പെട്ടിരുന്ന പുരാതന റോമൻ ഭരണപ്രദേശത്തിനായിരുന്നു ഗോൾ എന്നു പറഞ്ഞിരുന്നത്) എന്നിവ ദൈവനാമത്തിൽ ജയിച്ചടക്കുകയും ചെയ്തു.

ഉദ്ദേശ്യമാഹാത്മ്യവും ആയുധസാമഗ്രികളുടെ കമ്മിയും അതിമഹത്തായ ഫലവുമാണ് മനുഷ്യപ്രതിഭയുടെ മാനദണ്ഡമെങ്കിൽ ആധുനിക ചരിത്രത്തിലെ ഒരു മഹാപുരുഷനെ മുഹമ്മദുമായി താരതമ്യം ചെയ്യാൻ ആർക്കാണ് ധൈര്യം വരിക? അതിപ്രശസ്തരായ വ്യക്തികൾ ആയുധങ്ങളും നിയമങ്ങളും സാമ്രാജ്യങ്ങളും മാത്രം നിർമിക്കുകയുണ്ടായി. അവർ വല്ലതിനും അടിത്തറ പാകിയിട്ടുണ്ടെങ്കിൽ അത് ഭൗതിക ശക്തികൾക്ക് മാത്രമായിരുന്നു; അവ പലപ്പോഴും അവരുടെ കൺമുമ്പിൽ വെച്ചു തന്നെ തകർന്നുപോവുകയും ചെയ്തു. ഈ മനുഷ്യൻ സൈന്യങ്ങളെയോ നിയമച്ചട്ടങ്ങളെയോ സാമ്രാജ്യങ്ങളെയോ ജനവിഭാഗങ്ങളെയോ രാജവംശങ്ങളെയോ മാത്രമല്ല, അന്ന് വാസയോഗ്യമായിരുന്ന ലോകത്തിന്റെ മൂന്നിലൊരു ഭാഗത്തെ ജനമഹാലക്ഷങ്ങളെത്തന്നെ ഇളക്കിമറിച്ചു. അതിലുപരി യജ്ഞവേദികളെയും ദൈവങ്ങളെയും മതങ്ങളെയും ആശയങ്ങളെയും വിശ്വാസങ്ങളെയും ആത്മാവുകളെയും അദ്ദേഹം പ്രകമ്പനം കൊള്ളിച്ചു. ഏതൊരു പവിത്രഗ്രന്ഥത്തിന്റെ ഓരോ അക്ഷരവും നിയമമായിത്തീർന്നോ ആ ദിവ്യഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഒരു ആത്മീയ ദേശീയത്വം കെട്ടിപ്പടുക്കുകയും അതുവഴി വിവിധ ഭാഷക്കാരും വ്യത്യസ്ത വംശജരുമായ ജനവിഭാഗങ്ങളെ കൂട്ടിയിണക്കുകയുമുണ്ടായി. ഈ മുസ്‌ലിം ദേശീയതയുടെ

> **പ്രവാചകന്റെ ജീവിതം, ആരാധനകൾ, സ്വന്തം രാജ്യത്തിലെ അന്ധവിശ്വാസങ്ങൾക്കെതിരിലുള്ള ധീരമായ ചെറുത്തുനിൽപ്, വിഗ്രഹങ്ങളുടെ രോഷത്തെ വെല്ലുവിളിക്കുന്നതിൽ അദ്ദേഹം പ്രകടിപ്പിച്ച ധീരത, പതിനഞ്ചു വർഷക്കാലത്തെ ത്യാഗനിർഭരമായ മക്കാജീവിതം, മദീനാ പലായനം, നിരന്തരമായ പ്രാർഥന, ശത്രുക്കൾക്കെതിരിലുള്ള യുദ്ധങ്ങൾ, വിജയത്തിലുള്ള വിശ്വാസം, വിപദ്ഘട്ടങ്ങളിലെ അമാനുഷികമായ ക്ഷമാശീലം, വിജയത്തിലുള്ള ആത്മനിയന്ത്രണം, അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ എല്ലാംതന്നെ പൂർണമായും ഒരേ ആശയത്തിനു വേണ്ടിയുള്ള അർപ്പണമായിരുന്നു.**

അനശ്വരമായ മുഖമുദ്രയെന്നോണം വ്യാജ ദൈവങ്ങളോടുള്ള വിരോധവും ഏകനും നിസ്തുലനുമായ ദൈവത്തിലുള്ള വിശ്വാസവും അദ്ദേഹം നമുക്ക് വിട്ടേച്ചുപോയിരിക്കുന്നു. ദൈവത്തിന്റെ പവിത്രത പിച്ചിച്ചീന്തുന്നതിനെതിരിലുള്ള പ്രതികാരബദ്ധമായ ഈ ദേശാഭിമാനം മുഹമ്മദിന്റെ പിൻഗാമികൾക്ക് സൽഗുണങ്ങൾ പ്രദാനം ചെയ്തു. പ്രവാചകന്റെ പ്രമാണങ്ങൾക്ക് വിധേയമായി ഭൂമിയുടെ മൂന്നിലൊന്ന് ജയിച്ചടക്കിയത് അദ്ദേഹത്തിന്റെ അത്ഭുതസിദ്ധിയായിരുന്നു. അല്ലെങ്കിൽ മനുഷ്യന്റെ അത്ഭുതസിദ്ധിയെന്നതിലുപരി അത് ന്യായബോധത്തിന്റെ അത്ഭുതസിദ്ധിയായിരുന്നു. വേദോൽപത്തികളെക്കുറിച്ചുള്ള കെട്ടുകഥകളുടെ പ്രവാഹമധ്യത്തിൽ ദൈവത്തിന്റെ ഏകത്വപ്രഖ്യാപനം തന്നെ അത്ഭുതമായിരുന്നു. അല്ലാഹുവിന്റെ ഏകത്വം ചുണ്ടുകൾ മന്ത്രിച്ചപ്പോൾ അത് പ്രാകൃത ദേവാലയങ്ങളിലെ ബിംബങ്ങളെ തകർക്കുകയും ലോകത്തിന്റെ മൂന്നിലൊന്ന് ഭാഗത്തിന് പരിവർത്തനത്തിന്റെ അഗ്നി കൊളുത്തുകയും ചെയ്തു. പ്രവാചകന്റെ ജീവിതം, ആരാധനകൾ, സ്വന്തം രാജ്യത്തിലെ അന്ധവിശ്വാസങ്ങൾക്കെതിരിലുള്ള ധീരമായ ചെറുത്തുനിൽപ്, വിഗ്രഹങ്ങളുടെ രോഷത്തെ വെല്ലുവിളിക്കുന്നതിൽ അദ്ദേഹം പ്രകടിപ്പിച്ച ധീരത, പതിനഞ്ചു വർഷക്കാലത്തെ ത്യാഗനിർഭരമായ മക്കാ ജീവിതം, മദീനാ പലായനം, നിരന്തരമായ പ്രാർഥന, ശത്രുക്കൾക്കെതിരിലുള്ള യുദ്ധങ്ങൾ, വിജയത്തിലുള്ള വിശ്വാസം, വിപദ്ഘട്ടങ്ങളിലെ അമാനുഷികമായ ക്ഷമാശീലം, വിജയത്തിലുള്ള ആത്മനിയന്ത്രണം, അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ എല്ലാംതന്നെ പൂർണമായും ഒരേ ആശയത്തിനു വേണ്ടിയുള്ള അർപ്പണമായിരുന്നു. ഒരിക്കലും അദ്ദേഹം ഒരു സാമ്രാജ്യസൃഷ്ടിക്കായി ശ്രമിക്കുകയുണ്ടായില്ല. അദ്ദേഹത്തിന്റെ നിരന്തരമായ പ്രാർഥനകളും ദൈവവുമായുള്ള ആത്മീയ സംഭാഷണങ്ങളും അദ്ദേഹത്തിന്റെ മരണവും മരണാനന്തര വിജയവുമെല്ലാം കാപട്യത്തിന്റെ സാക്ഷ്യമല്ല; മറിച്ച് ദൈവിക വ്യവസ്ഥയെ പുനഃപ്രതിഷ്ഠിക്കാൻ ശക്തി നൽകിയ ഉത്തമ വിശ്വാസത്തിന്റെ സാക്ഷ്യമായിരുന്നു. ഈ വിശ്വാസത്തിന് രണ്ടു വശമുണ്ടായിരുന്നു– ദൈവത്തിന്റെ ഏകത്വവും ദൈവത്തിന്റെ അഭൗമികതയും. ആദ്യത്തേത് ദൈവം എന്താണെന്ന് പറയുന്നു. രണ്ടാമത്തേതാവട്ടെ ദൈവം എന്തല്ലെന്നും.

**തത്ത്വജ്ഞാനി, പ്രസംഗകൻ, ദൈവദൂതൻ, നിയമനിർമാതാവ്, പോരാളി, ആശയങ്ങളുടെ ജേതാവ്, അബദ്ധ സങ്കൽപങ്ങളിൽനിന്ന് മുക്തമായ ആചാരവിശേഷങ്ങളുടെയും യുക്തിബന്ധുരമായ വിശ്വാസപ്രമാണങ്ങളുടെയും പുനഃസ്ഥാപകൻ, ഇരുപത് ഭൗതിക സാമ്രാജ്യങ്ങളുടെയും ഒരു ആത്മീയ സാമ്രാജ്യത്തിന്റെയും സംസ്ഥാപകൻ – അതായിരുന്നു മുഹമ്മദ്.**

തത്ത്വജ്ഞാനി, പ്രസംഗകൻ, ദൈവദൂതൻ, നിയമനിർമാതാവ്, പോരാളി, ആശയങ്ങളുടെ ജേതാവ്, അബദ്ധ സങ്കൽപങ്ങളിൽനിന്ന് മുക്തമായ ആചാരവിശേഷങ്ങളുടെയും യുക്തിബന്ധുരമായ വിശ്വാസപ്രമാണങ്ങളുടെയും പുനഃസ്ഥാപകൻ, ഇരുപത് ഭൗതിക സാമ്രാജ്യങ്ങളുടെയും ഒരു ആത്മീയ സാമ്രാജ്യത്തിന്റെയും സംസ്ഥാപകൻ – അതായിരുന്നു മുഹമ്മദ്.

മനുഷ്യമഹത്വത്തിന്റെ എല്ലാ മാനദണ്ഡങ്ങളും പരിഗണിക്കുമ്പോൾ നാം വ്യക്തമായും ചോദിച്ചേക്കാം; മുഹമ്മദിനേക്കാൾ മഹാനായ മറ്റുവല്ല മനുഷ്യനുമുണ്ടോ?

(Historie dela Turquie, Paris 1854, Valume:2, page 276,277)